# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി. ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം–10

ഫോൺ: (0471) 2735544, ഫാക്സ്: (0471) 2735599 ഇ–മെയിൽ:kserc@erckerala.org വെബ്സൈറ്റ്: www.erckerala.org


| തിരുവനന്തപുരം | **പത്രക്കുറിപ്പ്** | 24.06.14 |
|---|---|---|

## സൗരോർജ്ജ വൈദ്യുതി ഉല്പാദകർക്ക് പ്രത്യേക പ്രോത്സാഹനം

വൈദ്യുതി ശൃംഖലയിൽ ബന്ധിപ്പിയ്ക്കാതെ സ്വതന്ത്രമായി വൈദ്യുതി ഉല്പാദിപ്പിക്കുന്ന സൗരോർജ്ജ യൂണിറ്റുകൾക്ക് പ്രത്യേക പ്രോത്സാഹന സംവിധാനം ഏർപ്പെടുത്തുന്നതിന് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ ഉദ്ദേശിക്കുന്നു. ഇത് സംബന്ധിച്ച വിശദവിവരങ്ങൾ കമ്മിഷന്റെ www.erckerala.org എന്ന സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടു ്. ഉല്പാദിപ്പിക്കുന്ന ഓരോ യൂണിറ്റിനും ഒരു രൂപ എന്ന ക്രമത്തിൽ പ്രോത്സാഹനം നല്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. ഇത് സംബന്ധിച്ച് ബന്ധപ്പെട്ട സൗരോർജ്ജ ഉല്പാദകരിൽ നിന്നും ഉപഭോക്താക്കളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കമ്മിഷൻ ക്ഷണിക്കുന്നു. നിർദ്ദേശങ്ങൾ 2014 ജൂലൈ 13ന് മുൻപ് ലഭിയ്ക്കത്തക്കവിധം സെക്രട്ടറി, വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ, കെ.പി.എഫ്.സി ഭവൻ, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം എന്ന വിലാസത്തിൽ അയയ്ക്കുകയോ, വൈദ്യുതി ബോർഡ് സമർപ്പിച്ച താരിഫ് പെറ്റിഷന്റെ തെളിവെടുപ്പ് സംബന്ധിച്ച് ജൂൺ 30 ന് കോഴിക്കോടും, ജൂലൈ ര ിന് എറണാകുളത്തും, നാലിന് തിരുവനന്തപുരത്തും നടത്തുന്ന പബ്ളിക്ക് ഹിയറിംഗിൽ നേരിട്ട് നല്കുകയോ ചെയ്യാവുന്നതാണെന്ന് കമ്മിഷൻ അറിയിക്കുന്നു.

Sd/-

സെക്രട്ടറി